


# മദ്യശാലയിൽ നിന്നുള്ള വഴികൾ



കെ. അരവിന്ദാക്ഷൻ

എന്റെ വീട്ടിൽ നിന്ന് ഒന്നര കിലോമീറ്റർ കിഴക്കുമാറി ഒരു മദ്യശാലയുണ്ട്. പഞ്ചായത്തിലെ ഏറ്റവും തിരക്കുള്ള കേന്ദ്രം. സന്ധ്യയായാൽ, ഇവിടം ജീവൻ വെയ്ക്കുകയായി. ഓംലെറ്റ് ഉണ്ടാക്കുന്ന തട്ടുകടകൾ. കപ്പലണ്ടിയും മുറുക്കും പപ്പടവടയും വിൽക്കുന്നവർ. ടവലും തോർത്തു മുണ്ടും കൈലിയും നിരത്തിയ പീഞ്ഞപ്പെട്ടികൾ. പണിയായുധങ്ങൾ പണയത്തിനെടുക്കുന്ന ചെറുകിട ഹുണ്ടികക്കാർ. മീൻവിൽപ്പനക്കാർ. കുഷ്ഠരോഗികൾ. പിച്ചക്കാർ. പല ദിവസങ്ങളിലായി ഞാൻ കുടിയൻമാരുടെ വഴികൾ പിന്തുടർന്നു. ആ വഴികളിലെ വളർച്ചകളാണ് ഇനി.

"അതേടാ എന്റച്ഛൻ ശങ്കരക്കുറുപ്പിനെ ആളോള് വിളിച്ചിരുന്നത് ഈയ്യമ്മസ്സെന്നാ. അച്ഛന്റെ നടപ്പ് കെടപ്പ് ഇരുപ്പ്.... അച്ഛൻ ഈയ്യമ്മസ്സിന്റെ കൈലിയാ ഉടുത്തിരുന്നെ. ഞാൻ നാലില് പഠിക്കുമ്പോ അച്ഛന് വിക്ക് വന്നു. നോക്കടാ... എന്റച്ഛനും ഈയ്യമ്മസ്സും ഒരു ദെവസാ മരിച്ചേ..", ഓട്ടോയുടെ മുരൾച്ചയിൽ അയാൾ കൈകൾ കൂപ്പി, അയാളുടെ ശബ്ദം കരഞ്ഞു. "ഈയ്യമ്മസ്സേ...." പെട്ടെന്നയാൾ ഇരുട്ടിലേക്ക് നോക്കി ഓളിയായി, "ഇബ്ടെ നിർത്തെടാ .... ശവി"

ഓട്ടോ റിക്ഷ ബ്രേക്കിട്ടു. അയാൾ അഴിഞ്ഞ മുണ്ടിന്റെ കുത്തിൽ പിടിച്ച് ഓട്ടോയിൽ നിന്ന് വേച്ചിറങ്ങി. നോട്ടും ചില്ലറയും വാരി ഡ്രൈവർക്ക് കൊടുത്തു. ഡ്രൈവർ എണ്ണി നോക്കി, "ചേട്ടാ, പന്ത്രണ്ട് രൂപേം കൂടി ..."

"ഞാൻ ഈയ്യമ്മസ്സിന്റെ മോനാണെങ്കി നെനക്ക് ഈ നാരേണക്കുറുപ്പ് നാളെ എരട്ടി തരും ..... നീ പോടാ മോനേ ദിനേശാ .... "

ഡ്രൈവർ മുഴുത്ത തെറി വിളിച്ച് വണ്ടിയെടുത്തു.

"ങേയ് ..... " അയാൾ വണ്ടിയുടെ പിന്നാലെ ഓടി. റോഡിൽ ഒടിഞ്ഞ് മുറിഞ്ഞു. തപ്പിത്തടഞ്ഞ് എണീറ്റു. നിന്ന നിൽപ്പിൽ കുപ്പിയിൽ ശേഷിച്ചിരുന്ന ബ്രാണ്ടി വായിലൊഴിച്ചു. കീശയിൽനിന്ന് പരിപ്പുവട ഒന്നിച്ചു വായിലേയ്ക്ക് തള്ളി. തുപ്പിയും എക്കിൾ വിട്ടും അയാൾ റോഡളന്നു.

വീടിന്റെ ചവിട്ടുകല്ലിൽ പുലമ്പി "എന്തേടീ കൊടിച്ചി ലൈറ്റ് ?"

പ്രയാസപ്പെട്ട് ശ്വാസം വലിച്ച് അയാളുടെ ഭാര്യയും, മൂന്ന് പെൺമക്കളും "ഫ്യൂസ് അവര് വന്ന് ഊരി. കറന്റടക്കാൻ തന്നത് വയറ്റിലൊണ്ടല്ലോ ....". ചിമ്മിനിയുടെ പുകയിൽ അപ്പോഴാണവർ അയാളെ ശ്രദ്ധിച്ചത്. പെൺകുട്ടികൾ അകത്തേക്ക് വലിഞ്ഞു.

''പ്രായം തെകഞ്ഞ പെങ്കുട്ട്യോള്'' അവൾ അകത്ത് പോയി ഒരു മുണ്ടുടുത്ത് അയാളുടെ നേരെ എറിഞ്ഞു.

"ഈയ്യമ്മസ്സിന്റെ മോനെ അവര് കാണട്ടടീ"

അയാൾ മുണ്ട് വാരിച്ചുറ്റി. "എനിക്കിന്ന് മീൻ കൂട്ടാൻ കൂട്ടി ഉണ്ണേണം." അയാൾ അടുക്കളയിലേക്ക് വേച്ചു.

"ഇവ്ടെ മീനൂല്യ എറച്ച്യൂല്യ. നിങ്ങള് എവ്ടെങ്കിലും കെടന്നൊറങ്ങാൻ നോക്ക്. കലി തുള്ളീട്ടാ അവൻ പോയിരിക്കണെ. വന്നാ കിട്ടും"

"നീയാടി അവനെ നാശാക്കീത്. എറച്ചീല്യ, മീനില്യ. ഈയ്യമ്മസ്സിന്റെ മോന്റ മോൻ ശാഖേല്... ഫൂ.."അയാൾ അടുക്കളയിൽ കാർക്കിച്ചു തുപ്പി.

"ചൊണേണ്ട്ങ്കി അവൻ എന്റെ നേർക്കുനേർ വരട്ടടീ" അയാൾ മുണ്ട് പൊക്കി മൂത്രമൊഴിക്കാൻ തുടങ്ങി.

"അയ്യോ.... ഇതെന്ത് തോന്ന്യാസാ" അവൾ വാവിട്ടു കരഞ്ഞു.

"അവൻ കാണട്ടടീ.. " അയാൾ മൂത്രത്തിൽ കുഴഞ്ഞ് വീണു.

വല്ലാത്തൊരു ശബ്ദത്തിൽ അയാൾ എക്കിൾ വിട്ടു. "... ഭ്ലീ കുടീരങ്ങളെ .... ഭ്ലീ ... "

"നന്മ നിറഞ്ഞ മറിയമേ സ്വസ്തി, കർത്താവ് അങ്ങയോട് കൂടെ. സ്ത്രീകളിൽ അങ്ങ് അനുഗ്രഹിക്കപ്പെട്ടവനാകുന്നു... പരിശുദ്ധ മറിയമേ, തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കുവേണ്ടി ഇപ്പോഴും ഞങ്ങളുടെ മരണസമയത്തും തമ്പുരാനോട് അപേക്ഷിക്കേണമേ. ആമേൻ... ഇതാ കർത്താവിന്റെ ദാസി.. വചനം മാംസമായി...."

"നിറുത്തെടീ..."

അമ്മയും രണ്ട് പെൺമക്കളും ഭീതിയിൽ തേങ്ങി.

"എല്ലാറ്റിനേയും നവീകരിക്കുന്നവനും വിശുദ്ധീകരിക്കുന്നവനുമായ പരിശുദ്ധാത്മാവേ..."

"എവിടടീ നെന്റെ യേശുജാരൻ ?"

അയാൾ ആടിയാടി ആക്രോശിച്ചു. ചുണ്ടുകൾ കോട്ടി. കണ്ണുകൾ കീഴോട്ടും മേലോട്ടും വെട്ടിച്ച് കൽപ്പിച്ചു.

"പാടെടീ, ഞാൻ പറേണത്"

കർത്താവേ ഞാൻ ഭർത്താവില്ലാ നാല് പെറ്റു

കർത്താവിന്റെ കൃപകൊണ്ട്

രണ്ടും ചത്തു.. "

"ഈ പെങ്കൊച്ചുങ്ങളെ ഓർത്തെങ്കിലും ഒന്ന് നിർത്ത്"

അയാൾ ഉറക്കെയുറക്കെ ചിരിച്ചു.

"ഞാൻ നിറുത്താടി. നെന്റെ യേശുജാരൻ എവ്ടാന്ന് പറേയ്"

"നിങ്ങടെ മക്കള് കേക്കും"

"അവര് എന്റേല്ല. നിന്റെ മറ്റോന്റ്യാ. എവ്ടടി അവൻ ?"

അയാൾ അവളുടെ മുഖമടച്ച് തൊഴിച്ചു. മക്കൾ ഒച്ചയിട്ടു. അയാൾ അവളുടെ നാഭിയിൽ ചവിട്ടി. പെൺകുട്ടികളുടെ നേരെതിരിഞ്ഞു.

"ശവങ്ങള് മോങ്ങ്ണു.."

തേങ്ങൽ തൊണ്ടയിൽ കുരുങ്ങിപ്പിടഞ്ഞു. അവർ പേടിച്ച് ചുരുണ്ടു.

അയാൾ മൂത്തവളുടെ കയ്യിൽ കേറിപ്പിടിച്ചു.

"നിക്കടീ.... നീയിന്ന് കുളിച്ച് സുന്ദരിയായീണ്ടല്ലോടീ.... തന്തേനെ കാണാനാവും" അയാൾ അശ്ലീലം നുരഞ്ഞു.

"നെന്നെ ഞാൻ"

"നിങ്ങൾ മനുഷ്യനോ ചെകുത്താനോ ?" അയാളുടെ ഭാര്യ പിടഞ്ഞു.

"അതേടീ ഞാൻ ചെകുത്താനാ ... കാണണാ"

കൂട്ടനിലവിളിയിൽ അയാളുടെ കുഴയാൻ തുടങ്ങിയ വാക്കുകൾ മുങ്ങിത്താഴ്ന്നു.

**കി**ണറിനു ചേരെയുള്ള വാഴക്കൂട്ടത്തിലെ ഇരുട്ടിൽ മറഞ്ഞിരുന്ന അയാൾ ശേഷിച്ചിരുന്ന റം വായിലേക്കൊഴിച്ചു. എന്നിട്ടും ഉള്ളിൽ തിര. അയാൾ എളിയിൽ തിരുകിയിരുന്ന ആനമയക്കി പൊട്ടിച്ചു. കുറേശ്ശെ കുറേശ്ശെയായി അയാളുടെ ഉള്ള് തരിച്ചു. ശരീരം വീഴാതിരിക്കാൻ അയാൾ വാഴയിൽ പിടിച്ചു. വാഴ ഉലഞ്ഞു. അയാൾ കിതച്ചു. മണ്ണിൽ ഇരുന്നു. ടോർച്ച്മിന്നൽ ഇറങ്ങിപ്പോകുന്നത് കണ്ണ് തിരുമ്മി നോക്കി. ചേട്ടത്തിയായിരിക്കണം. തള്ളയ്ക്ക് കഞ്ഞി കൊടുത്ത് മടങ്ങുകയാകും. തേട്ടിവന്ന കഫം അയാൾ വിഴുങ്ങി. തൊണ്ട തടവി. നാലഞ്ച് വീടുകൾ മാറി ഒരു പശുക്കുട്ടിയുടെ കരച്ചിൽ. അയാൾ പല്ല് ഞെരിച്ചു. പിന്നെ കുറെ നേരം നിശബ്ദം. അയാൾ വീടിന്റെ പുറത്ത് കടക്കാൻ തുനിഞ്ഞതും നായ കുരച്ചു. അയാൾ സ്തംഭിച്ച് നിന്നു. അയാൾ വീടിന്റെ പടിഞ്ഞാറുഭാഗത്തേയ്ക്ക് നടന്നു. ഫ്യൂസ് ഊരി. അകത്ത് നിന്ന് എന്തോ ഒച്ച. അയാൾ വാതിൽ തള്ളിത്തുറന്ന് മുറിയിലെത്തി. കട്ടിലിൽ കിടന്നിരുന്ന രൂപം ദുർബ്ബലമായി ശബ്ദിച്ചു. "ആരാദ് ?", അയാളുടെ മുഖത്ത് നിലാവിന്റെ ചീള് വീണു. "എന്താ മോനേ ?" അയാൾ ചെന്ന് കത്തികൊണ്ട് തലങ്ങും വിലങ്ങും വെട്ടി, വായ ഒരു കൈകൊണ്ട് അമർത്തിപ്പിടിച്ച്. എല്ലാം കഴിഞ്ഞെന്നുറപ്പുവരുത്തി. മുറിയിൽ പരതി. ഒരു കടലാസുപൊതിയുമായി മുറ്റത്തേക്കിറങ്ങി. പാടത്ത് ചേറ്റുകത്തിയെറിഞ്ഞു. ബാറിലേക്കുള്ള വഴിയിലൂടെ ധൃതിയിൽ നടന്നു.

**ബാ**ർ നിന്നിരുന്ന അങ്ങാടിയെ നെടുകെപ്പിളർത്തുന്ന റോഡിന്റെ വലതുവശത്തുള്ള ടെറസ്സ് വീട്ടിൽ പാതിര കഴിഞ്ഞിരുന്നു. പക്ഷേ, ഒന്നാംനിലയിൽ, ഒരു കിടപ്പുമുറിയിൽ അപ്പോഴും രണ്ട്പേർ ഉറങ്ങിയിരുന്നില്ല. പതിമൂന്ന് പതിനാല് വയസ്സ് തോന്നിക്കുന്ന വെളുത്ത് വിളറിയ ഒരു പെൺകുട്ടി, പതുപതുത്ത മെത്തയിൽ ചുളുങ്ങിയിരിക്കുന്നുണ്ട്. അവൾ ഇടക്കിടെ കട്ടിലിൽ നിന്നുമാറി കസേരയിലിരിക്കുന്ന അമ്പത്തഞ്ച് വയസ്സുള്ള മനുഷ്യനെ ഭയപ്പാടോടെ നോക്കുന്നുണ്ട്. അയാളാകട്ടെ അവളെ നോക്കി കഴിയാവുന്നത്ര സൗമ്യമായി ചിരിക്കുന്നുമുണ്ട്. ഇതിങ്ങനെ തുടരുന്നതിനിടയിൽ, അയാൾ കിടപ്പറയോട് ചേർന്നുള്ള മുറിയിലേക്ക് പൊയ്ക്കൊണ്ടിരുന്നു. മേശമേൽ വെച്ചിരുന്ന റം കുടിക്കാൻ. ക്രമേണ അയാളുടെ മുഖത്ത് നിന്ന് ചിരിമാഞ്ഞു. പെൺകുട്ടി ഉറക്കം തുടങ്ങിയിരുന്നതിനാൽ അത് കണ്ടില്ല. താമസിച്ചില്ല, ആ മുറിയിൽ നിന്നും പച്ച മാംസത്തിൽ കുപ്പിച്ചില്ല് വരഞ്ഞതിന്റെ കാറൽ കേട്ടു. പിന്നീട് എല്ലാം ശാന്തം. അതിരാവിലെ ഒരു ജനൽക്കള്ളിയിലൂടെ അകത്ത് കടന്ന് രംഗം വീക്ഷിച്ച് തിരിച്ച് എന്റെ എഴുത്തുമേശയിലെത്തിയ അങ്ങാടിക്കുരുവി ബാക്കി പറഞ്ഞു. "സാർ, വെളുത്ത കിടക്കവിരിയിൽ അഫ്ഗാനിസ്ഥാന്റെ രക്തഭൂപടം ഉണങ്ങിക്കിടപ്പുണ്ട്..."

**ബാ**റിനു മുമ്പിൽ ഒതുക്കി നിർത്തിയ കാറിലേക്ക് അവർ കയറി. അവർ തുരുതുരാ സിഗററ്റ് വലിച്ചു. അണ്ടിപ്പരിപ്പ് കൊറിച്ചു. ശേഷിച്ചിരുന്ന ബ്രാണ്ടി അവരിൽ പിൻസീറ്റിലിരുന്ന രണ്ടുപേർ തീർത്തു. കുപ്പി ഓടുന്ന കാറിൽ നിന്നും പുറത്തേയ്ക്കെറിഞ്ഞു. നിർത്തി വെച്ച സംഭാഷണം പിൻസീറ്റുകാർ തുടർന്നു. മദ്ധ്യവയസ്സനോട്, മൂപ്പു കുറഞ്ഞയാൾ പറഞ്ഞു. "കിഴവന് പഴയ ഫോമൊന്നുമില്ല. പ്രസംഗം ചണ്ടിയായിത്തുടങ്ങി."

എന്നാലും ആളുണ്ട്. വേദപുരാണങ്ങളും ബൈബിളും ഖുറാനും നല്ല കട്ടിയാ.."

"അപ്റ്റുഡേറ്റാണ്."

"ഏറിയാൽ രണ്ടുകൊല്ലം. പിന്നെ ആരാണുള്ളത് ?"

"അതാണ് ഞാൻ പറഞ്ഞുവരുന്നത്. സാർ വടക്കുനിന്നും തൊടങ്ങണം. തെക്കുനിന്ന് ഞാൻ"

"ശരിയാ. ഇപ്പോൾ തന്നെ എനിക്കൊരു ഇംമ്പാക്ടുണ്ടാക്കാൻ പറ്റിയിട്ടുണ്ട്. നിരൂപകർ അന്തർദേശീയ നിലവാരമുള്ളതാണെന്ന് പുകഴ്ത്തിയിട്ടും എന്റെ കവിതയ്ക്ക് ഒരു മാർക്കറ്റുമില്ലായിരുന്നു. അതിപ്പോൾ രണ്ടാം എഡിഷനാ. വിവാദങ്ങളുടെ ഇഫക്ട്"

അതുവരെ മൗനിയായിരുന്ന മുൻസീറ്റിലെ യുവാവ് തല പിറകോട്ടാക്കി. "സാർ, ഞാൻ സാറിന്റെ ആരാധകനാണ്. പക്ഷേ, ഞാനൊന്ന് ചോദിക്കട്ടെ. അപ്പോൾ മനുഷ്യമാംസവും ചോരയും വിൽപ്പനച്ചരക്കുകളാകുകയല്ലേ ?"

പിൻസീറ്റുകാർ അതോടെ മൗനികളായി. അവർ ഇരുട്ടിൽ പരസ്പരം കണ്ണിറുക്കി. മദ്ധ്യവയസ്സൻ, മുൻസീറ്റിലേയ്ക്ക് കേൾക്കാതെ അടുത്തിരിക്കുന്നവനോട് ചെവിയിൽ മന്ത്രിച്ചു. "അവൻ പെശകാ"

"ഒറ്റാ..."

**ബാ**ർ പൂട്ടാറായെന്ന് സെക്യൂരിറ്റി ആവർത്തിച്ചപ്പോഴാണ്, ഏറെനേരമായി മദ്യപിച്ചിരുന്ന ആ അഞ്ചു സുഹൃത്തുക്കളും എണീറ്റത്. നല്ല ആരോഗ്യമുള്ള യുവാക്കൾ. രണ്ടുപേർ നഗരത്തിലെ ചുമട്ടുതൊഴിലാളികൾ, മൂന്നാമൻ വാർപ്പുപണിക്കാരൻ, നാലാമൻ സ്വർണ്ണപണിക്കാരൻ, അഞ്ചാമന്റേതാണ് 'അടിപൊളി' ഓട്ടോ. മദ്യം ഞരമ്പുകളിൽ കത്തിപ്പിടിച്ചതിന്റെ യാതൊരു ലക്ഷണങ്ങളും അവരുടെ ചലനങ്ങളിലില്ല. ബാർമേനും സെക്യൂരിറ്റിക്കും പത്ത് രൂപാ വീതം ടിപ്പ് കൊടുത്ത് നാലു പേർ ഓട്ടോയുടെ പിൻസീറ്റിൽ കേറി. ഓട്ടോ ഏറെ ദൂരം താണ്ടി വിജനമായ ഒരിടത്ത് നിന്നു. മറ്റൊരു യുവാവ് അവിടെ കാത്ത് നിന്നിരുന്നു. അതുവരെ പിൻസീറ്റിനടിയിൽ ഒളിപ്പിച്ചു വെച്ചിരുന്ന കൂർത്ത വാളുകൾ അവർ പുറത്തെടുത്തു. ആറാമൻ ഡ്രൈവറുടെ കൂടെയിരുന്നു. ഇനിയങ്ങോട്ട് ഓട്ടോയുടെ നിയന്ത്രണം അയാളിലാണ്.

**അ**ദ്ധ്യാപകരായി റിട്ടയറായ ആ ദമ്പതികൾ ഇറയത്ത് കരിപിടിച്ച കമ്പിറാന്തലുമായി ഇരിക്കാൻ തുടങ്ങിയിട്ട് രണ്ടുമണിക്കൂറിലേറെയായി. ഏതെങ്കിലും വാഹനത്തിന്റെ ഒച്ചയോ മനുഷ്യശബ്ദമോ കേട്ടാൽ അവർ രണ്ടാളും ഒന്നിച്ച് ഇറയത്ത് നിന്ന് പൊന്തും. പടിയിലേക്ക് നീണ്ട ഇരുളിൽ കണ്ണോർക്കും. മഞ്ഞുവീഴ്ചയുള്ളതിനാൽ രണ്ടുപേരും പിഞ്ഞിയ മഫ്ളർ ചെവിയടച്ച് കെട്ടിയിരുന്നു. ചിലപ്പോൾ ആരെങ്കിലുമൊരാൾ ചുമയ്ക്കും. കഫം മുറ്റത്ത് തുപ്പും. കുറെ നേരം വലിയുടെ ശബ്ദം മാത്രം.

പടിക്കൽ ഓട്ടോ നിറുത്തിയ ശബ്ദം കേട്ട് രണ്ടുപേരും എണീറ്റു. കമ്പിറാന്തലിന്റെ ആടുന്ന ഇരുണ്ട പ്രകാശത്തിൽ ഡ്രൈവർ പറഞ്ഞു.

"ഇന്ന് വല്ലാണ്ടെ ഓവറാ. ഞാൻ പിടിച്ച് വലിച്ച് കേറ്റീതാ. മാഷേം ടീച്ചറേം ഓർത്തിട്ടാ.... "

ഏതാണ്ട് മുപ്പത്തഞ്ചു വയസ്സുതോന്നിക്കുന്ന ഒരു മനുഷ്യരൂപത്തെ ഡ്രൈവർ താങ്ങിപ്പിടിച്ച് ഇറക്കി. ഓരോ കൈ അച്ഛന്റേയും അമ്മയുടേയും തോളുകളിൽ പിടിപ്പിച്ചു. കമ്പിറാന്തലിനൊപ്പം നിഴലുകൾ നീങ്ങുന്നത് ഒരു നിമിഷം നോക്കി ഡ്രൈവർ നെടുവീർപ്പിട്ടു.

മകനെ കട്ടിലിൽ കിടത്തി മകന്റെ താടിയിൽ പറ്റിയിരുന്ന ഛർദ്ദിൽ അമ്മ നനഞ്ഞ തുണിയാൽ വൃത്തിയാക്കി. അച്ഛൻ മകന്റെ ചെരുപ്പഴിച്ചു. തോളിൽ നിന്നും തുണിസഞ്ചി എടുത്തുമാറ്റി. സഞ്ചിയിലെ പുസ്തകങ്ങൾ ഓരോന്നായി മേശമേൽ അടുക്കി.

മകൻ കണ്ണ് തുറക്കുന്നതും നോക്കി അവർ കട്ടിലിന്റെ ഇരുപുറവും ഇരുന്നു. മദ്യത്തിന്റെ അസഹ്യമായ നാറ്റത്തിൽ അച്ഛൻ ഇടയ്ക്ക് തല തിരിക്കുന്നുണ്ടായിരുന്നു. അമ്മ നാമം ജപിക്കുന്നതിനിടെ, നെഞ്ചത്ത് കൈവെച്ചു. പ്രാർത്ഥിച്ചു.

"എന്റെ മോന് എന്നാണാവോ ഒരു സൽബുദ്ധി തോന്നിയ്ക്കണെ? എന്റീശ്വരാ...."